## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.422** **29.11.2018-ൽ മറുപടിക്ക്**

## നികുതി വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജെയിംസ് മാത്യു<br>,, വി. കെ. സി. മമ്മത് കോയ<br>,, എൻ. വിജയൻ പിള്ള<br>,, പി. ഉണ്ണി | | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നികുതി വളർച്ച വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; | (എ)<br>&<br>(ബി)<br>&<br>(സി)<br>&<br>(ഡി) | സ്റ്റാമ്പ് ഡ്യൂട്ടി നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് രജിസ്ട്രേഷൻ വകുപ്പ് സ്വീകരിച്ച നടപടികൾ താഴെ കൊടുക്കുന്നു.<br>1. ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന എല്ലാ പരസ്യ കരാറുകൾക്കും പ്രക്ഷേപണ സംപ്രേക്ഷണ അവകാശങ്ങൾക്കും 500 രൂപ നിരക്കിൽ സ്റ്റാമ്പ് ഡ്യൂട്ടി ഏർപ്പെടുത്തി.<br>2. പൊതുമരാമത്ത് പ്രവർത്തികൾക്കും മറ്റ് സേവന കരാറുകൾക്കും കരാർ തുകയുടെ 0.1 ശതമാനം (പരമാവധി ഒരു ലക്ഷം രൂപ ) നിരക്കിൽ സ്റ്റാമ്പ് ഡ്യൂട്ടി ഏർപ്പെടുത്തി.<br>3. പണയാധാരങ്ങളുടെ ഒഴുകറികൾ റദ്ദ് ആധാരമായി രജിസ്റ്റർ ചെയ്യുന്നത് കാരണമുള്ള വരുമാനചോർച്ച ഒഴിവാക്കുവാൻ നിയമനിർമ്മാണം നടത്തി.<br>4. കുടുംബാംഗങ്ങൾ തമ്മിലുള്ള ദാനം ധനനിശ്ചയം, ഒഴിവുകറി എന്നിവയുടെ മുദ്രവില പരമാവധി ആയിരം രൂപ ആയിരുന്നത് ഏറ്റവും കുറഞ്ഞത് ആയിരം രൂപ അല്ലെങ്കിൽ ആധാരത്തിന്റെ വിലയുടെ ഓരോ ആയിരം രൂപയ്ക്കും രണ്ടു രൂപയായി നിശ്ചയിച്ചു. ഭാഗപത്രത്തിന് ഇത് ഓരോ 10,000 രൂപയ്ക്കും 15 രൂപയാണ്.<br>5. ചിട്ടി നിയമപ്രകാരമുള്ള ആർബിട്രേഷൻ നടപടികൾക്ക് ആർബിട്രേഷൻ തുകയുടെ 2 ശതമാനം കോർട്ട് ഫീസ് ഏർപ്പെടുത്തി. |
| (ബി) | ഇതിന്റെ ഭാഗമായി കേരളത്തിലേയ്ക്ക് കടന്നു വരുന്ന അന്തർ സംസ്ഥാന ചരക്കുവാഹനങ്ങളിലെ ഇ-വേ ബിൽ പരിശോധന കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | | |
| (സി) | ഇതിനായി രൂപീകരിച്ച വാഹന പരിശോധനാ സ്ക്വാഡുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാന അതിർത്തികളിലെ ചെക്ക്പോസ്റ്റുകളിൽ പ്രസ്തുത സ്ക്വാഡുകളുടെ പ്രവർത്തനം എല്ലാ സമയവും ഉറപ്പു വരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | | സംസ്ഥാനത്ത് നികുതിവരുമാനം വർദ്ധിപ്പിക്കുന്നതിന് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>2018-19 സാമ്പത്തിക വർഷത്തിൽ ലാന്റ് റവന്യൂ, റവന്യൂ റിക്കവറി ഇനങ്ങളിൽ പിരിവ് ഊർജ്ജിതമാക്കുന്നതിനായി ജില്ലകൾക്ക് പ്രതിമാസ ടാർജറ്റ് നിശ്ചയിച്ച് നൽകിയിരുന്നു. ഓരോ മാസവും ടാർജറ്റിനനുസൃതമായി പിരിവ് പുരോഗതി അവലോകനം ചെയ്ത് പിരിവ് കൈവരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്ക് നൽകി വരുന്നു. അടിസ്ഥാന ഭൂനികുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ നികുതിയേതര ഫീസുകളും ചാർജ്ജുകളും 1-4-2018 മുതൽ പ്രാബല്യത്തോടെ 5 ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ട്.<br>സംസ്ഥാനത്ത് ചരക്കുസേവന നികുതി വളർച്ച വർദ്ധിപ്പിക്കുന്നതിനായി<br>നികുതി വകുപ്പ്<br>സംസ്ഥാനത്തിനകത്തേക്ക് കടന്നു വരുന്ന വാഹനങ്ങളുടെ ഇ-വേ ബിൽ പരിശോധിക്കുന്നതിന് വേണ്ടി ഇന്റലിജൻസ് സ്ക്വാഡുകളുടെ എണ്ണം 91 ൽ നിന്ന് 178 ആയി വർദ്ധിപ്പിക്കുകയും ഇതിൽ 126 സ്ക്വാഡുകളെ സംസ്ഥാന അതിർത്തികളിൽ ഇടതടവില്ലാതെ ചരക്കുവാഹന പരിശോധന നടത്തുന്നതിനും ഇ-വേ ബിൽ ഓൺലൈൻ പരിശോധിക്കുന്നതിനുമായി വിന്യസിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ